# ശ്രീനാരായണഗുരു ഓപ്പൺയൂണിവേഴ്സിറ്റി
# കൊല്ലം

Circular.NO.40/CIQA/1/SOU/2026

തീയതി:09/06/2026

## സർക്കുലർ

**വിഷയം: SGOU**– ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും ആത്മഹത്യാ പ്രതിരോധവും സംബന്ധിച്ച ദേശീയ നിയുക്ത സംഘം (**Task Force**)– ടെലി-മാനസ് (**Tele-MANAS**) മാനസികാരോഗ്യ സേവനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1.സി.ഐ.ക്യൂ.എ ഡയറക്ടറുടെ 05.03.2026-ലെ കുറിപ്പ്.

2.ബഹുമാനപ്പെട്ട വൈസ് ചാൻസിലറുടെ 23/03/26 ലെ ഉത്തരവ്

ഭാരത സർക്കാരിന്റെ ദേശീയ മാനസികാരോഗ്യ പരിപാടിയുടെ (**National Mental Health Programme - NMHP**) ഭാഗമായി, രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ജനങ്ങൾക്ക് സമത്വപരവും സുലഭവും ചെലവുകുറഞ്ഞതും ഗുണമേന്മയുള്ളതുമായ മാനസികാരോഗ്യ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കുന്നതിനായി ടെലി-മാനസ് (**Tele-MANAS**) പദ്ധതി ഡിജിറ്റൽ സംവിധാനമായി ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ റഫറൽ സംവിധാനങ്ങളോടുകൂടിയ ടെലി-മാനസികാരോഗ്യ സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാക്കുന്നത്.

ബഹുമാനപ്പെട്ട സുപ്രീം കോടതി രൂപീകരിച്ച **ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും ആത്മഹത്യാ പ്രതിരോധവും സംബന്ധിച്ച ദേശീയ ടാസ്ക് ഫോഴ്സ്** വിവിധ സംസ്ഥാനങ്ങളുമായി സഹകരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവിലുള്ള സംവിധാനങ്ങൾ വിലയിരുത്തുകയും ഈ മേഖലയിലെ നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.

ടെലി-മാനസ് സേവനങ്ങൾ പൂർണ്ണമായും സൗജന്യമാണ്. ടെലിഫോൺ മുഖേനയും ആവശ്യമായ മറ്റ് ആശയവിനിമയ മാർഗങ്ങളിലൂടെയും ഈ സേവനം ലഭ്യമാകും. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ പഠിതാക്കൾക്ക് **14416** അല്ലെങ്കിൽ **1-800-8914416** എന്ന ടോൾ-ഫ്രീ നമ്പറുകളിൽ ബന്ധപ്പെട്ടു കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്.

മാനസികാരോഗ്യ സഹായങ്ങളും അനുബന്ധ വിഭവങ്ങളും മൊബൈൽ ആപ്ലിക്കേഷൻ വഴിയും ലഭ്യമാണ്. ആപ്ലിക്കേഷൻ **https://telemanas.mohfw.gov.in/home** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

സർവകലാശാലയിലെ എല്ലാ പഠിതാക്കളും ടെലി-മാനസ് സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതും ഈ സേവനത്തെക്കുറിച്ചുള്ള വിവരങ്ങൾ മറ്റുള്ളവരിലേക്കും എത്തിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടുന്നു. ബഹു. വൈസ് ചാൻസലറുടെ അംഗീകാരത്തോടെ സർക്കുലർ പുറപ്പെടുവിക്കുന്നു.

ബഹു. വൈസ് ചാൻസിലറുടെ ഉത്തരവിൻ പ്രകാരം

***Prepared by:*** *Asst.CIQA Section*
***Checked by:*** *CIQA Director*